LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത

49 (416) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കയം ഡാം സൈറ്റിലേക്കുള്ള യാത്രാ മദ്ധ്യേയുള്ള വെള്ളച്ചാട്ടങ്ങളിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) തലയാട് ഇരുപത്തിയാറാം മൈലിനടുത്ത് പൂന്നൂർ പുഴയിലെ ചുരത്തോട് വെള്ളച്ചാട്ടത്തിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രദേശത്തെ കക്കയം തോട്ടിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കായുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രാഥമിക സാധ്യതാപഠനത്തിൽ നിന്നും 200 KW വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും ഉല്പാദന ചെലവ് വളരെ ഉയർന്നതായതിനാൽ തുടർ പഠന നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുത അപകടങ്ങൾ

50 (417) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള എ.എ.സി. ലൈനുകൾ മാറ്റി എ.സി.എസ്.ആർ. ലൈനുകളാക്കുന്ന പദ്ധതി എത്രത്തോളം പുരോഗമിച്ച് വരുന്നു എന്ന് വിശദമാക്കുമോ ;

(സി) വൈദ്യുതമേഖലയിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികളടക്കമുള്ള ജീവനക്കാരിലും അപകടങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളുടേയും കുട്ടികളുടേയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രാവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട്, ബ്രേക്കറുകൾ) ഘടിപ്പിക്കുക, നിലവിലുള്ള അലുമിനിയം കമ്പികൾ പൂർണ്ണമായും ഒഴിവാക്കി ACSR കമ്പികൾ/ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടേയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക, സ്വയം വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പടുത്തലുകളും ത്വരിതഗതിയിൽ നടത്തി വരുന്നു.

വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികളായ സുരക്ഷാ ക്ലാസ്സുകൾ സുരക്ഷാ പ്രദർശനങ്ങൾ ഇവ തുടർച്ചയായി വിവിധ സ്ഥലങ്ങളിൽ നടത്തിവരുന്നു. ദേശീയ തലത്തിലെന്നപോലെ സംസ്ഥാന തലത്തിലും എല്ലാ വർഷവും മേയ് മാസം ആദ്യവാരം സുരക്ഷാവാരമായി ആചരിച്ചു വരുന്നു. ഇവ തുടർന്നും നടത്തി പൊതുജനങ്ങളെയും വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവരെയും ബോധവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. വൈദ്യുത ഉപകരണങ്ങളിൽ നിന്നും അപകടം സംഭവിക്കാതിരിക്കുവാനായി പുതുതായി വയ്ക്കുന്ന വീടുകളിൽ ഇ.എൽ.സി.ബി. നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം എൽ.റ്റി.ലൈൻ വീ-കണ്ടക്കുറിങ്ങിനായി ലക്ഷ്യമിട്ട 3701 കിലോമീറ്റർ ത്രീ ഫേസ് ലൈനുകളിൽ ഇതുവരെയായി 3088 കിലോമീറ്റർ ത്രീ ഫേസ് ലൈനുകളും, 190 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകളിൽ ഇതുവരെയായി 46 കിലോമീറ്റർ സിംഗിൾ ഫേസ്

ലൈനുകളും പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഈ വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ലക്ഷ്യമിട്ട 13042 കിലോമീറ്റർ ലൈനുകളിൽ ഇതുവരെയായി 6723 കിലോമീറ്റർ ലൈനുകളുടെ റീ-കണ്ടക്ടറിങ്ങ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഇടയിൽ സുരക്ഷാവബോധം വളർത്തുന്നതിനും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പരിശീലിപ്പിക്കുന്നതിനുമായി സുരക്ഷാ ക്ലാസ്സുകളും സേഫ്റ്റി മീറ്റിംഗുകളും സമയബന്ധിതമായി സംഘടിപ്പിക്കുന്നുണ്ട്. കരാർ തൊഴിലാളികൾക്ക് പ്രത്യേകമായി തന്നെ സുരക്ഷാവബോധ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസികളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 14 തരം വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എനർജി ഇന്നവേഷൻ സോൺ

51 (418) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂലൈ 31 വരെ കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിൽ പ്രവർത്തിച്ചിരുന്നു.

(ബി) എനർജി ഇന്നവേഷൻ സോണിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly